12/1/23


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 363*(2)/2022*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **6847**/*എസ്.ഐ.സി-ജി 6/22*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.രാംകുമാർ,**
**ഉടയൻവിള കിഴക്കതിൽ വീട്,**
**അന്നൂർ, അമ്പലത്തുംകാല പി.ഒ.,**
**കൊട്ടാരക്കര – 691 505.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,**
**ജില്ലാ ഓഫീസ്, കൊല്ലം.**

2. **അപ്പീൽ അധികാരി&**
**ജോയിന്റ് സെക്രട്ടറി,**
**അഡ്വൈസ് (ലിറ്റിഗേഷൻ),**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,**
**പട്ടം, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.03.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.03.2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.03.2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.04.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 05.05.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.05.2022 |
| ഹിയറിംഗ് നടന്ന തീയതി | 12.12.2022, കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി.<br>ഹാജരായി. |

## ഉത്തരവ്

**അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു തെറ്റായ മറുപടി യാണ് ലഭ്യമാക്കിയതെന്നാണ്.**

2. അപ്പീൽ ഹർജിക്കാരൻ 08.03.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കൊല്ലം ജില്ലാ പി.എസ്.സി. ഓഫീസിൽ കെ.എസ്.ഇ.ബി. മസ്ദൂർ (വർക്കർ) തസ്തികയിൽ 2016 ഡിസംബർ 30ന് 2017 ജൂൺ 30നും ഇടയിൽ 111 (നൂറ്റി പതിനൊന്ന്)ഒഴിവുകൾ കെ.എസ്.ഇ.ബി.യിൽ നിന്നും പി.എസ്.സി. ഓഫീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ടവ ഏതൊക്കെ തീയതികളിലാണ് പി.എസ്.സി. ഓഫീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതെന്നും

2) ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് നിയമന ശുപാർശ നൽകിയെന്നും ഇവരുടെ ഏതെങ്കിലും നിയമന ശുപാർശയുടെ പകർപ്പ് വിവരാവകാശ നിയമം 2F പ്രകാരം നൽകണമെന്നു മാണ്.

ആയതിന് 15.03.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ചോദ്യം 1ന് കൊല്ലം ജില്ലയിൽ കെ.എസ്.ഇ.ബി.മസ്ദൂർ തസ്തികയിൽ 2016 ഡിസംബർ 30 നും 2017 ജൂൺ 30നും ഇടയിൽ ആകെ 11(പതിനൊന്ന്) ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നാണ്. ഒഴിവ് റിപ്പോർട്ട് ചെയ്ത തീയതികൾ

30.12.2016 – 1 ഒഴിവ്,
31.12.2016 – 10 ഒഴിവുകൾ
ആകെ 11 ഒഴിവുകൾ

ചോദ്യം 2ന് ടി 11 ഒഴിവുകളിലേക്കും 06.01.2017 തീയതിയിൽ നിയമന ശുപാർശ നൽകിയിട്ടുണ്ടെന്നും പൊതുതാല്പര്യം വ്യക്തമാക്കിയിട്ടില്ലാത്ത മൂന്നാം കക്ഷി വിവരമായതിനാൽ വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം ഒരു ഉദ്യോഗാർത്ഥിക്ക് നൽകിയ നിയമന ശുപാർശയുടെ പകർപ്പ് നൽകുവാൻ നിർവ്വാഹമില്ലെന്നും നിയമന ശുപാർശയുടെ വിവരണങ്ങൾ അടങ്ങിയ പ്രൊവിഷണൽ അപ്പോയിന്റ്മെന്റ് ചാർട്ട് വെബ്സൈറ്റിൽ ലഭ്യമാണെന്നാണ് അറിയിച്ചത്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 22.04.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നുവെന്നും എന്നാൽ ടിയാൻ അപ്പീൽ സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ

കൊല്ലം ജില്ലയിൽ കെ.എസ്.ഇ.ബി.യിലെ ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിലേയ്ക്ക് 2016 ഡിസംബർ 30നും 2017 ജൂൺ 30നും ഇടയിൽ ആകെ 11(പതിനൊന്ന്) (30.12.2016 – 1, 31.12.2016 – 10) ഒഴിവുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നാണ്. ടി 11 ഒഴിവുകളിലേയ്ക്കും 06.01.2017 തീയതിയിൽ നിയമന ശുപാർശ നൽകിയിട്ടുണ്ടെന്നും ആകയാൽ ടി തസ്തികയുടെ ഒഴിവുകൾ സംബന്ധിച്ച് ഹർജിക്കാരന് കൃത്യമായ മറുപടിയാണ് പ്രാഥമിക അപേക്ഷയിൽ നൽകിയിട്ടുള്ളതെന്നും ടി അപ്പീലിന്മേൽ മറ്റു നടപടികൾ ശേഷിക്കാത്തതിനാൽ ആയത് തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തെറ്റായ മറുപടിയാണ് ലഭ്യമാക്കിയതെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് ലഭ്യമായ വിവരം നൽകിയതായി കമ്മീഷനു ബോധ്യമായതിനാൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2022 ഡിസംബർ 31-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

Ge/